## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1289 15/6/2012 - ൽ മറുപടിക്ക്

## മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ഡോ. കെ.ടി ജലീൽ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കുന്നതിനുതകുന്ന തരത്തിൽ ഭാഷയിൽ പ്രത്യേക പഠനം നടത്താൻ നടപടികൾ സ്വീകരിക്കുമോ;<br><br>(.ബി) ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കുന്നതിന് നാളിതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;<br><br>(സി). ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്ന് അവസാനമായി ലഭിച്ച അറിയിപ്പ് എന്താണെന്ന് അറിയിക്കാമോ? | (എ), (ബി) & (സി).<br><br>മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ പദവി ലഭിക്കുന്നതിനുതകുന്ന തരത്തിൽ ഭാഷയിൽ പഠനം നടത്തി നടപടികൾ നിർവ്വഹിച്ചിട്ടുള്ളതാണ്. മലയാള ഭാഷയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുക്കുന്നതിന് സർക്കാരിനെ ഉപദേശിക്കുന്നതിനായി 19/2/2009 ലെ സ.ഉ (കൈ) 2/2009/സി.എ.ഡി പ്രകാരം ഒരു ഉപദേശക സമിതി രൂപീകരിക്കുകയും, മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കാൻ അർഹതയുണ്ടെന്നതിന്റെ തെളിവുകളും വിശദാംശങ്ങളും അടങ്ങിയ വിദഗ്ദ്ധ സമിതി റിപ്പോർട്ട് 15/1/2011 ൽ ബഹു: പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.<br>ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുന്നതിനുള്ള എല്ലാ അർഹതകളും മലയാളത്തിനുണ്ടെന്നു പഠനം നടത്തി തെളിവു സഹിതം മേൽ പറഞ്ഞ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ശിലാലിഖിതങ്ങളടക്കം തെളിവുകളായി സമർപ്പിച്ചിട്ടുണ്ട്. ഭാഷയ്ക്ക് ചുരുങ്ങിയത് 1500 വർഷത്തെ പഴക്കമുണ്ടായിരിക്ക- |

ണമെന്നതാണ് ശ്രേഷ്ഠഭാഷാ പദവി ലഭിക്കാനുള്ള ഒരു മാനദണ്ഡം. മലയാളത്തിന് 2300 വർഷത്തെ പഴക്കമുണ്ടെന്നു തെളിയിക്കുന്നതിനുള്ള രേഖകൾ റിപ്പോർട്ടിനൊപ്പമുണ്ട്. ഈ റിപ്പോർട്ട് കേന്ദ്ര സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിച്ച് ശ്രേഷ്ഠ പദവി നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതുണ്ട് . ഉപദേശകസമിതി പുന:സംഘടിപ്പിക്കുകയും പുന:സംഘടിപ്പിച്ച ഉപദേശകസമിതിയുടെ യോഗം ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/2/2012 ന് ചേർന്ന് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. ന്യൂ ഡൽഹിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും അതു സംബന്ധിച്ച നിജസ്ഥിതി സംസ്ഥാന സർക്കാരിനെ അറിയിക്കുവാനും അന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. കെ.ജയകുമാറിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ